പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2424 19.07.2016-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ബോർഡുകൾ

ചോദ്യം

ശ്രീ. എൻ.എ നെല്ലിക്കുന്ന്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സൂചനാ ബോർഡുകൾ വായിക്കാൻ കഴിയാത്തവിധത്തിലുള്ളതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്.<br>സൂചന ബോർഡുകളുടെ കാലപ്പഴക്കം മൂലം ബോർഡുകൾ വായിക്കുവാൻ ബുദ്ധിമുട്ട് ഉള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ട്. കാലപ്പഴക്കം ചെന്ന സൂചനാ ബോർഡുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഗ്ലാസിൽ നിന്ന് അല്പം പിന്നിൽ മുകളിലായാണ് ബസ്സുകളിൽ ബോർഡ് സ്ഥാപിച്ചിരിക്കുന്നതിനാലും ഗ്ലാസ്സുകൾക്കു തെളിച്ചമില്ലാത്തതുകൊണ്ടും ബസ്സിനടുത്ത് ചെന്നു നോക്കിയാൽ പോലും ബോർഡ് വായന ദുസ്സഹമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനു എന്ത് പ്രതിവിധിയാണ് ഉദ്ദേശിക്കുന്നതെന്നും ബസ്സ് എവിടേക്കാണ് പോകുന്നതെന്ന് കണ്ടക്ടർ വിളിച്ചു പറയുന്ന രീതി പുനരാരംഭിക്കുമോയെന്നും വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിൽ ബോദ്ധ്യപ്പെട്ടാൽ മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.<br>ബസ് എവിടെക്കാണ് പോകുന്നതെന്ന് കണ്ടക്ടർ നിർബന്ധമായും വിളിച്ച് പറയുന്ന രീതി കെ.എസ്.ആർ.ടി.സിയിൽ നിലവിൽ ഇല്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ